"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ഇന്ത്യ റിസർവ്വ് ബറ്റാലിയൻ അസ്സിസ്സന്റ് കമ്മാൻഡന്റ് ശ്രീ.ഷാജി ജോസഫിന് കേരള പോലീസ് അക്കാദമി ഫാമിലി ക്വാർട്ടർ നം C-6 ൽ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി ) വകുപ്പ്**

സ.ഉ.(സാധാ) നം.1987/2025/HOME തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:- 1. ശ്രീ.ഷാജി ജോസഫ്, ഇന്ത്യ റിസർവ്വ് ബറ്റാലിയൻ അസ്സിസ്സന്റ് കമ്മാൻഡന്റിന്റെ 18.03.2025 തീയതിയിലെ അപേക്ഷ

2. സംസ്ഥാന പോലീസ് മേധാവിയുടെ 08.05.2025 ലെ No. H14-82686/2025/PHQ നമ്പർ കത്ത്

**ഉത്തരവ്**

ഇന്ത്യ റിസർവ്വ് ബറ്റാലിയൻ അസ്സിസ്സന്റ് കമ്മാൻഡന്റ് ശ്രീ.ഷാജി ജോസഫിന് കേരള പോലീസ് അക്കാദമി ഫാമിലി ക്വാർട്ടർ നം C-6 ൽ 31.03.2025 വരെ സർക്കാർ ഉത്തരവ് പ്രകാരം തുടർ താമസം അനുവദിച്ചിരുന്നുവെന്നും എന്നാൽ 16.11.2024 ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുവെന്നും ക്വാർട്ടേഴ്സ് തുടർതാമസ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ക്വാർട്ടേഴ്സിൽ തുടർന്നും താമസിക്കുന്നതിന് ടിയാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചുവെന്നും , ക്വാർട്ടേഴ്സ് തുടർതാമസ കാലയളവിൽ ടിയാന് HRA അനുവദിച്ചിട്ടില്ലെന്നും ഹൗസ് റെന്റ് ഈടാക്കിയിട്ടുള്ളതാണെന്നും കേരള പോലീസ് അക്കാദമിയിൽ സി ടൈപ്പ് ക്വാർട്ടേഴ്സിനായി അപേക്ഷകളൊന്നും നിലവിൽ ഇല്ലെന്നും ആയതിനാൽ നിലവിൽ സസ്പെൻഷനിലുള്ള ഇന്ത്യ റിസർവ്വ് ബറ്റാലിയൻ അസ്സിസ്സന്റ് കമ്മാൻഡന്റ് ശ്രീ.ഷാജി ജോസഫിന് കേരള പോലീസ് അക്കാദമി ഫാമിലി ക്വാർട്ടർ നം C-6 ൽ ഒരു വർഷത്തേക്ക് കൂടി 01.04.2025 മുതൽ 31.03.2026 വരെ തുടർതാമസം അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സർക്കരിൽ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചു . ശ്രീ.ഷാജി ജോസഫിന്റെ അപേക്ഷയിൽ ടിയാന്റെ

മകൾ 65% അംഗവൈകല്യമുള്ളയാളാണെന്നും മകൻ ഹൃദ്രോഗിയാണെന്നും മക്കളുടെ പഠനവും ചികിത്സയും പ്രായമായ അമ്മയുടെ സംരക്ഷണവും കണക്കിലെടുത്ത് ക്വാർട്ടേഴ്സിലെ താമസം ദീർഘിപ്പിച്ചു നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം (1) ലെ അപേക്ഷയും പരാമർശം (2)ലെ സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയും പരിഗണിച്ച് , **Kerala Police ( Family) Quarters Allotment and Occupation Rules 1976** ലെ **Rule 7 (d) Note** - ൽ നിഷ്ക്കർശിച്ചിരിക്കുന്ന പ്രകാരം റെന്റ് ഈടാക്കണമെന്നവ്യവസ്ഥയിൽ,ഇന്ത്യ റിസർവ്വ് ബറ്റാലിയൻ അസ്സിസ്സന്റ് കമ്മാൻഡന്റ് ശ്രീ.ഷാജി ജോസഫിന് കേരള പോലീസ് അക്കാദമി ഫാമിലി ക്വാർട്ടർ നം **C-6** ൽ **01.04.2025** മുതൽ സസ്പെൻഷൻ കാലാവധി തീരുന്നത് വരെയോ/ **31.03.2026** വരെയോ, ഏതാണോ ആദ്യം അത്, തുടർതാമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷമീം മുഹമ്മദ് ബി എം
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.

2. ഡയറക്ടർ, കേരള പോലീസ് അക്കാദമി

3.ശ്രീ.ഷാജി ജോസഫ്, അസ്സിസ്സന്റ് കമ്മാൻഡന്റ്, ഇന്ത്യ റിസർവ്വ് ബറ്റാലിയൻ (കേരള പോലീസ് അക്കാദമി ഡയറക്ടർ മുഖേന)

4.കരുതൽ ഫയൽ( **HOME-D3/93/2025-HOME** )

Signed by ഉത്തരവിൻ പ്രകാരം
Santhosh Mon T
Date: 16-06-2025 14:24:02
സെക്ഷൻ ഓഫീസർ

പകർപ്പ്,

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

2.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്